## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 7935

16.07.2014 ൽ മറുപടിയ്ക്ക്

## അഞ്ച് വർഷത്തിൽ കൂടുതൽ സേവനകാലമുള്ള കളക്ഷൻ ഏജന്റുമാരെ സ്ഥിരപ്പെടുത്താൻ നടപടി

| ചോദ്യം | | മറുപടി |
| --- | --- | --- |
| ശ്രീ. പാലോട് രവി | | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിൽ എത്ര കളക്ഷൻ ഏജന്റുമാരുണ്ട്; | (എ) യും (ബി) യും | 58 പേർ |
| (ബി) അഞ്ച് വർഷത്തിൽ കൂടുതൽ കാലമായി ജോലി നോക്കുന്ന എത്ര പേരുണ്ട്; | | |
| (സി) ഇവരുടെ സേവന-വേതന വ്യവസ്ഥകൾ എന്തെല്ലാമാണ്; | (സി) | സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ ജോലി നോക്കുന്ന വായ്പ/ നിക്ഷേപ പിരിവുകാരുടെ സേവന വേതന വ്യവസ്ഥകൾ, 13.11.2009 ലെ സ.ഉ (കൈ) നം. 189/2009/സഹ നമ്പർ ഉത്തരവ് പ്രകാരം പരിഷ്കരിച്ചിട്ടുള്ളത് ചുവടെ പ്രതിപാദിക്കും വിധമാണ്.<br>1. നിക്ഷേപ പിരിവുകാർക്ക് ലഭിക്കുന്ന കമ്മീഷൻ തുകയുടെ 2/3 ഭാഗം പ്രതിമാസ വേതനമായി നൽകണം. നൽകുന്ന തുക 3000 രൂപയിൽ അധികരിക്കുവാൻ പാടില്ല.<br>2. കമ്മീഷൻ ഏജന്റുമാരുടെ വിരമിക്കൽ പ്രായം 70 വയസ്സാണ്<br>3. ഏറ്റവും കുറഞ്ഞ ബോണസ്/ഫെസ്റ്റിവൽ അലവൻസ് 1000 രൂപയാണ്. ബോണസ്/ |

ഫെസ്റ്റിവൽ അലവൻസ് കണക്കാക്കുന്നതിനുള്ള ശമ്പള പരിധി 3000 രൂപയാണ്.

4. കമ്മീഷൻ ഏജന്റുമാർക്ക് ഏറ്റവും കുറഞ്ഞത് 2% ഉം പരമാവധി 3% ഉം കമ്മീഷൻ നൽകാവുന്നതാണ്. 3% ത്തിൽ അധികരിച്ച് കമ്മീഷൻ നൽകേണ്ടിവരുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാറുടെ (ജനറൽ) അനുമതി വാങ്ങേണ്ടതാണ്. ജോയിന്റ് രജിസ്ട്രാർ (ജനറൽ) ഇക്കാര്യത്തിൽ സഹകരണ സംഘം രജിസ്ട്രാറുമായി കൂടിയാലോചിച്ച് തീരുമാനം എടുക്കേണ്ടതാണ്.

5. കമ്മീഷൻ ഏജന്റുമാരായി ജോലി നോക്കുന്നവർക്ക് അതാത് സ്ഥാപനങ്ങൾ 31.12.2009 നകം തിരിച്ചറിയൽ കാർഡ് നൽകണം.

6. നിയമനം ലഭിക്കുന്നവരിൽ നിന്ന് 10,000 രൂപയുടെ സെക്യൂരിറ്റി നിക്ഷേപവും, ഇൻഡെമിനിറ്റി ബോണ്ടും അതാത് സംഘം വാങ്ങണം.

7. വെൽഫയർ ഫണ്ട് ബോർഡിൽ ക്ഷേമനിധി വിഹിതം ഒടുക്കുന്നതിൽ വീഴ്ച വരുത്തിയാൽ തുകയ്ക്ക് 12% പലിശ ഈടാക്കണം.

8. ഏറ്റവും കൂടുതൽ തുക നിക്ഷേപമായി സമാഹരിക്കുന്നവർക്ക് സംഘം തലത്തിലും ജില്ലാ തലത്തിലും 2000 രൂപ വീതവും സംസ്ഥാനതലത്തിൽ 10,000/- രൂപയും ക്യാഷ് അവാർഡ് നൽകണം.

9. കമ്മീഷൻ ഏജന്റുമാരുടെ ആശ്രിതർക്ക് 5,000/- രൂപ ചികിത്സാ ധനസഹായം അനുവദിക്കണം.

10. കമ്മീഷൻ ഏജന്റുമാർക്ക് നൽകിവരുന്ന ചികിത്സാ ധനസഹായം 10,000/- രൂപയിൽ നിന്ന് 20,000/- രൂപയായി വർദ്ധിപ്പിച്ചു.

11. സർവീസിലിരിക്കെ മരണമടയുന്നവരുടെ ആശ്രിതർക്ക് നൽകി വരുന്ന ധനസഹായം 40,000/- രൂപയിൽ നിന്നും 50,000/- രൂപയായി വർദ്ധിപ്പിച്ചു.

എന്നാൽ തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിലെ കളക്ഷൻ ഏജന്റുമാർക്ക് കളക്ഷൻ തുകയുടെ 2.50% കമ്മീഷനും ടി കമ്മീഷൻ

| | | | |
|---|---|---|---|
| | | | തുകയിൽ നിന്നും പ്രതിമാസം 500/- രൂപ നിശ്ചയിച്ച് ശമ്പളമായും നൽകി വരുന്നു. |
| (ഡി) | സഹകരണ ബാങ്കുകളിൽ ജോലി നോക്കുന്ന കളക്ഷൻ ഏജന്റുമാരുടെ ജോലി സ്ഥിരതയും സേവന-വേതന വ്യവസ്ഥകളും സംബന്ധിച്ച് കമ്മീഷനെ നിയമിച്ചിട്ടുണ്ടോ; | (ഡി) | സഹകരണ സംഘങ്ങളിൽ കമ്മീഷൻ വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്ന നിക്ഷേപ വായ്പ പിരിവുകാരുടെയും ഗോൾഡ് അപ്രൈസർമാരുടെയും വിവിധ ആവശ്യങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സർക്കാരിന്റെ 28.02.2013 ലെ സ.ഉ (സാധാ) നം. 138/2013/സഹ നമ്പർ ഉത്തരവ് പ്രകാരം ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. |
| (ഇ) | കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്; | (ഇ) | കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. റിപ്പോർട്ട് സമർപ്പിക്കുന്നതിന് മുന്നോടിയായി മേഖലാതല തെളിവെടുപ്പ് സിറ്റിംഗ് നടത്തി വരുന്നു. |
| (എഫ്) | അഞ്ച് വർഷത്തിൽ കൂടുതൽ കാലം ജോലി നോക്കിയിട്ടുള്ള കളക്ഷൻ ഏജന്റുമാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (എഫ്) | അഞ്ച് വർഷത്തിൽ കൂടുതൽ കാലം ജോലി നോക്കിയിട്ടുള്ള കളക്ഷൻ ഏജന്റുമാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ